പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

27-6-2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4717

## മണലെടുക്കുന്നതിന് നഗരസഭകൾക്കുള്ള അധികാരം

**ചോദ്യം**

ശ്രീ. പി.ശ്രീരാമകൃഷ്ണൻ :

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) കേരളത്തിൽ മണൽകടവുകൾ ഉള്ള നഗരസഭകൾ ഏവ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(എ) കടവുകളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) നഗരസഭകൾക്ക് മണലെടുക്കുവാനുള്ള അധികാരം റവന്യൂ/പോർട്ട്/ഹാർബർ വകുപ്പുകളിൽ നിന്ന് ഏതു മാർഗ്ഗത്തിലൂടെയാണ് ലഭിക്കുന്നത് ;

(ബി) റവന്യൂ -ജില്ലാ കളക്ടർ മുഖേന

പോർട്ട് -ടെണ്ടർ മുഖേന

ഹാർബർ -ടെണ്ടർ മുഖേന

(സി) ടെണ്ടർ നടപടികളിലൂടെ പ്രസ്തുത അധികാരം നൽകുന്നുണ്ടോ;

(സി) ഉണ്ട്.

(ഡി) എങ്കിൽ ഏതെല്ലാം നഗരസഭകൾക്ക് ആയത് നൽകിയിട്ടുണ്ട്;

(ഡി) പൊന്നാനി നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 14-3-12-ലെ ബഹു.കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി (സി) നം. 4268 & 5105/2014 നമ്പർ ഉത്തരവ് പ്രകാരം ആയത് റദ്ദ് ചെയ്യുകയുണ്ടായി.

(ഇ) പൊന്നാനി നഗരസഭ മണലെടുക്കുന്നതിനുള്ള പോർട്ട്/ഹാർബർ വകുപ്പുകളുടെ ടെണ്ടർ നടപടികളിൽ പങ്കെടുത്തിട്ടുണ്ടോ;

(ഇ) ഉണ്ട്.

(എഫ്) പൊന്നാനി നഗരസഭയ്ക്ക് ടെണ്ടർ അനുവദിച്ചുകൊടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ തുകയും മണലിന്റെ അളവും വിശദമാക്കുമോ;

(എഫ്) ഉണ്ട്. എഗ്രിമെന്റ് വച്ചെങ്കിലും ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മണലെടുക്കാൻ അനുമതി കിട്ടിയില്ല.

(ജി) ടെണ്ടർ അനുസരിച്ച് പ്രസ്തുത നഗരസഭ മണൽ എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ജി) ഇല്ല. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം മണൽ എടുത്തില്ല.

(എച്ച്) നഗരസഭ മണലെടുക്കാത്തതുമൂലം മുനിസിപ്പൽ പരിധിയിൽ തന്നെ മണലെടുപ്പ്

(എച്ച്) ഉണ്ട്. 5 കടവുകളിലായി 440 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| ഇല്ലാതായിട്ടുണ്ടോ; തൊഴിൽ നഷ്ടം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | |
| (ഐ) ഇതുമൂലം നഗരസഭയ്ക്ക് 2013-14 സാമ്പത്തിക വർഷത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് വിശദമാക്കുമോ ; | (ഐ) സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. തുക കണക്കാക്കിയിട്ടില്ല. |
| (ജെ) 2012-13 സാമ്പത്തിക വർഷത്തിൽ മണൽകടവുകളിൽ നിന്ന് നഗരസഭയ്ക്ക് എന്തു വരുമാനം ലഭിച്ചിട്ടുണ്ട് ; | (ജെ) 2,65,44,592/- രൂപ (രണ്ടുകോടി അറുപത്തഞ്ച് ലക്ഷത്തി നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ടു രൂപ) ലഭിച്ചിട്ടുണ്ട്. |
| (കെ) 2013-14-ൽ മണലെടുപ്പ് നടക്കാതെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദി ആയവർ ആരൊക്കെയാണ് ; | (കെ) ബഹു. ഹൈക്കോടതി ഉത്തരവ് മൂലം പോർട്ട് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും ബഹു. ഗ്രീൻ ട്രൈബ്യൂണലിന്റെ ഉത്തരവു മൂലം ട്രഞ്ചിംഗ് മറ്റീരിയൽ എടുക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ് മണലെടുപ്പു നടക്കാതെ പോയതിന് കാരണം. |
| (എൽ) ഇവർക്കെതിരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ? | (എൽ) ഇല്ല |

സെക്ഷൻ ഓഫീസർ